"ഭരണഭാഷ മാതൃഭാഷ"

## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: അനുപമ റ്റി.വി. IAS)

വിഷയം: വനിത ശിശു വികസന വകുപ്പ് - ഡയറക്ടറേറ്റ് - ആദ്യ 1000 ദിനപരിപാടി - തെറാപ്യൂട്ടിക് ഫുഡ് വാങ്ങുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: സ.ഉ.(സാധാ)നം. 217/2020/സാനീവ, തീയതി. 11.06.2020

## ഉത്തരവ് നം. ICDS/A5-4281/2020 തീയതി. 01.10.2020

ഗർഭാവസ്ഥയിലെ 9 മാസം മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതു വരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതാണ്. ആയതിനാൽ കുട്ടിയുടെ വളർച്ചയ്ക്കും വികാസത്തിനും ആദ്യ 1000 ദിനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. 2013 ൽ അട്ടപ്പാടി മേഖലയിൽ രേഖപ്പെടുത്തിയ വർദ്ധിച്ച ശിശു മരണങ്ങളുടെ പശ്ചാത്തലത്തിൽ ആദ്യ 1000 ദിന പരിപാടി അട്ടപ്പാടിയിൽ ആരംഭിച്ചു. മത്സ്യത്തൊഴിലാളി ജനസംഖ്യ, SC/ST ജനസംഖ്യ, തൂക്കക്കുറവുള്ള കുട്ടികളുടെ എണ്ണം എന്നിങ്ങനെയുള്ള പ്രധാന ഘടകങ്ങൾ കണക്കിലെടുത്ത് 2018-19 മുതൽ അട്ടപ്പാടിക്ക് പുറമെ 10 മലയോര തീരദേശ ഐസിഡിഎസ് പ്രോജക്ടുകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിച്ചു.

അട്ടപ്പാടി ഉൾപ്പെടെ ആകെ 11 ഐസിഡിഎസ് പ്രോജക്ടുകളിൽ നടന്നു വരുന്ന ആദ്യ 1000 ദിന പരിപാടി എന്ന പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി 66,00,000/- (അറുപത്തിയാറ് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ഉത്തരവ് പരാമർശം പ്രകാരം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കുറഞ്ഞ ജനനഭാരത്തോടെ ജനിക്കുന്ന കുട്ടികളുടെ എണ്ണം കുറയ്ക്കുന്നതിനായി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് നൽകേണ്ടതായിട്ടുണ്ട്. ആയതിലേയ്ക്കായി 11 പ്രോജക്ടുകളിൽ നിന്നും ആകെ 2849 ഗുണഭോക്താക്കളുടെ ലിസ്റ്റ് ശിശു വികസന പദ്ധതി ഓഫീസർമാർ ലഭ്യമാക്കിയിട്ടുണ്ട്.

തെറാപ്യൂട്ടിക് ഫുഡ് രൂപകല്പന ചെയ്തിരിക്കുന്നത് ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വേണ്ടിയാണ്. ഈ വിഭാഗങ്ങൾക്ക് മാത്രമാണ് തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യുന്നതെന്ന് ശിശു വികസന പദ്ധതി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഒരു ഗുണഭോക്താവിന് ഒരു മാസത്തേയ്ക്ക് 3kg തെറാപ്യൂട്ടിക് ഫുഡ് വീതം 6 മാസത്തേയ്ക്ക് (2020 ഒക്ടോബർ മുതൽ 2021 മാർച്ച് വരെ) 18kg തെറാപ്യൂട്ടിക് ഫുഡ് ആവശ്യമായി വരും. 1Kg തെറാപ്യൂട്ടിക് ഫുഡിന് GST ഉൾപ്പെടെ 96.06 രൂപ പ്രകാരം 11 പ്രോജക്ടുകൾക്ക് ആവശ്യമായി വരുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | റാന്നി അഡീഷണൽ | 13 | 22,478/- |
| 2 | മുതുകുളം | 343 | 5,93,075/- |
| 3 | ദേവികുളം അഡീഷണൽ | 808 | 13,97,097/- |
| 4 | ഈരാറ്റുപേട്ട | 517 | 8,93,935/- |
| 5 | തളിക്കുളം | 79 | 1,36,598/- |
| 6 | മാനന്തവാടി | 66 | 1,14,120/- |
| 7 | അട്ടപ്പാടി | 131 | 2,26,510/- |
| 8 | ഇരിട്ടി | 95 | 1,64,263/- |
| 9 | കാസർഗോഡ് അഡീഷണൽ | 294 | 5,08,350/- |
| 10 | വെള്ളനാട് | 221 | 3,82,127/- |
| 11 | നിലമ്പൂർ അഡീഷണൽ | 282 | 4,87,601/- |
| | **ആകെ** | **2849** | **49,26,154/-** |

ഓരോ പ്രോജക്റ്റിലേയ്ക്കും ആവശ്യമായ തെറാപ്യൂട്ടിക് ഫുഡ് കുടുംബശ്രീ യൂണിറ്റിൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ഓരോ മാസവും (2020 ഒക്ടോബർ മുതൽ 2021 മാർച്ച് വരെ) അങ്കണവാടികൾ വഴി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

പ്രസ്തുത സാഹചര്യത്തിൽ ആദ്യ 1000 ദിന പരിപാടിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് തെറാപ്യൂട്ടിക് ഫുഡ് വാങ്ങുന്നതിനുള്ള തുക 49,26,154/- രൂപ (നാല്പത്തിയൊൻപത് ലക്ഷത്തി ഇരുപത്തിയാറായിരത്തി ഒരുന്നൂറ്റി അൻപത്തിനാല് രൂപ മാത്രം) മേൽപ്പറഞ്ഞ പ്രോജക്റ്റുകൾക്ക് അനുവദിച്ചും 2020-21 സാമ്പത്തിക വർഷത്തെ നവജാത ശിശുക്കൾക്കുവേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടിയുടെ കീഴിൽ 2235-02-102-50(P) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. തുക വിനിയോഗിച്ച ശേഷം ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക്

**പകർപ്പ്:**

1.ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്
2.സൂപ്രണ്ട് എ, സെക്ഷൻ
3.സ്റ്റോക്ക് ഫയൽ/ സ്പെയർ

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്

P/20